THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| Date:5/11/2024 | Monthly Test-3(2024-2025) | Max.Marks:20 |
|---|---|---|
| Grade:X | MALAYALAM(012) | Time:50 min. |

**I.ഖണ്ഡിക വായിച്ച് ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (1X5=5)**

**പഴയകാലത്തെ പുസ്തകങ്ങൾ വായിക്കുമ്പോൾ നമുക്ക് പലവാക്കുകളുടെയും അർത്ഥം പിടികിട്ടുകയില്ല.കാരണം കാലം ഭാഷക്ക് കൊണ്ടുവരുന്ന മാറ്റമാണ്.ഉദാഹരണമായി പഴയ കൃതികളിൽ 'മോതിരം' എന്ന അർത്ഥത്തിൽ 'ആഴി'എന്ന വാക്ക് കാണാം.ഇന്ന് ആ വാക്കിന് അങ്ങനെയൊരർത്ഥമില്ല.പണ്ടുകാലത്ത് 'വര' എന്ന വാക്കിന് 'മല' എന്നർത്ഥമുണ്ടായിരുന്നു.'മലയുടെ താഴ്ഭാഗം' എന്ന അർത്ഥത്തിൽ ഇന്നുപയോഗിക്കുന്ന 'താഴ്വര' ശ്രദ്ധിച്ചാൽ സംഗതി മനസ്സിലാകും.ശൈലികളും പ്രയോഗങ്ങളും വാക്യരചനാരീതികളുമൊക്കെ കാലം കൊണ്ട് വളരെ മാറിപ്പോകും.ഇതുപോലെ ഭാഷക്ക് പ്രാദേശിക ഭേദങ്ങളുണ്ട് .തിരുവിതാംകൂർ,കൊച്ചി,മലബാർ പ്രദേശത്തെ വാമൊഴികൾക്ക് നല്ല വ്യത്യാസം കാണാം.വാക്കുകളിലും പ്രയോഗങ്ങളിലും ഉച്ചാരണത്തിലും ഈണത്തിലുമെല്ലാം.സാഹിത്യം,സിനിമ,നാടകം,നാടൻകലകൾ,പത്രഭാഷ മുതലായവയിൽ ഇത്തരം ഭേദങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അത് നേരത്തെ കേട്ട് പരിചയമില്ലാത്തവൻ അന്ധാളിക്കുകയോ ചിരിക്കുകയോ ചെയ്യുന്നു.വടക്കേ മലബാറിൽ 'ഇലച്ചാടിക്കളയ്' എന്ന് പറയുമ്പോൾ 'എറിഞ്ഞുകളയുക' എന്നാണ് ഉദ്ദേശിക്കുന്നത്.**

**1.പഴയകാല ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ പല പദങ്ങളുടെയും അർത്ഥം മനസ്സിലാവാത്തത് എന്തുകൊണ്ട്?**

**2.'ആഴി' എന്ന വാക്കിന് പണ്ടുണ്ടായിരുന്ന ഒരു അർത്ഥമെന്തായിരുന്നു?**

**3.കാലംകൊണ്ട് മാറിപ്പോകുന്നത് എന്തൊക്കെയാണ് ?**

4.ഭാഷയ്ക്ക് പ്രാദേശിക ഭേദങ്ങളുണ്ട്.ഒരു ഉദാഹരണം എഴുതുക ?

5.’വര’ എന്നവാക്കിന് പണ്ടുണ്ടായിരുന്ന ഒരർത്ഥം എന്തായിരുന്നു ?

II.ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്ത് എഴുതുക (1X6=6)

1.ഇവരറിയുന്നീലെന്നഭിമാനം!

ആരാണ് ഇങ്ങനെയൊരു പരാതി പറഞ്ഞത്

(കണ്ടുണ്ണി, ചാക്കുണ്ണി, പുള്ളുവൻ, ദുര്യോധനൻ)

2.ഒരച്ച് നോക്കാണ്ടന്നെ പറയും. ഇത്ര ചെമ്പ്, ഇത്ര സ്വർണ്ണം ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?

( മത്തായി മാപ്പിളയുടെ, ചാക്കുണ്ണിയുടെ, ചാക്കോരു മാപ്പിളയുടെ, മരയ്ക്കാരുടെ)

3.ആരാണ് മലരിൻ കൂട നിറച്ച് മേടുകൾ തോറും നിൽക്കുന്നത്?

(തുമ്പ,മുക്കുറ്റി,നെയ്യാമ്പലുകൾ,കാമുകമുകിൻ പൂവരി)

4.”മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്”?

ആരുടെ വാക്കുകളാണിത് ?

(ചെമ്പുമത്തായി,ചാക്കുണ്ണി,കൊഞ്ഞനം,ചാക്കോരുമാപ്പിള)

5.പിരിച്ചെഴുതുക”നാട്ടിയിരിപ്പൂ‟

(നാട്ടി+ഇരിപ്പൂ, നാട്ടി+യിരിപ്പൂ, നാട്ടിയി+രിപ്പൂ, നാടി+ഇരിപ്പൂ)

6.പണ്ടം എന്ന വാക്കിൻറെ അർത്ഥം എന്ത് ?

(പ്രവർത്തി,ആഭരണം,ഭംഗി,വിജനം)

III.ഉത്തരം എഴുതുക (3X3=9)

1.കഥാപാത്രനിരൂപണം തയ്യാറാക്കുക”ചാക്കുണ്ണി‟

2.മലയാള ദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെയെന്ന് കാവ്യഭാഗത്തുനിന്ന് കണ്ടെത്തി സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുക?

3.ചട്ടമ്പിസ്വാമികൾ “ബാലാഹ്വൻ” എന്ന പേരിൽ അറിയപ്പെടാൻ ഇടയായത് എങ്ങനെ?